# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| സെപ്റ്റംബർ 17<br>September 17 | 2019 |
|---|---|

***1193 കന്നി 1 ചൊവ്വ***

# പത്രക്കുറിപ്പ് -1

**www.prd.kerala.gov.in**, **diopta1@gmail.com** **ഫോൺ0468-2222657**

**ഇലവുംതിട്ട മൂലൂർ സ്മാരകത്തിൽ വിദ്യാരംഭം**

ഇലവുംതിട്ട മൂലൂർ സ്മാരകത്തിൽ ഒക്ടോബർ എട്ടിന് വിജയദശമി ദിവസം രാവിലെ വിദ്യാരംഭ ചടങ്ങുകൾ നടക്കും. ഏഴാച്ചേരി രാമചന്ദ്രൻ, റവ.ഫാദർ മാത്യു ഡാനിയേൽ, ഡോ.കെ.ജി.സുരേഷ് പരുമല എന്നിവർ കുഞ്ഞുങ്ങളെ എഴുത്തിനിരുത്തും. വിദ്യാരംഭ ചടങ്ങുകൾക്ക് ശേഷം കവിയരങ്ങ് നടക്കും. കുട്ടികളുടെ പേരുകൾ നേരത്തെ രജിസ്റ്റർ ചെയ്യാം. സെക്രട്ടറി മൂലൂർ സ്മാരകം ഫോൺ: 9447017264.

(പിഎൻപി 2563/19)

**ഗസ്റ്റ് ലക്ചറർ ഒഴിവ്**

കോന്നി സിഎഫ്ആർഡിയുടെ അധീനതയിലുള്ള കോളജ് ഓഫ് ഇൻഡിജനസ് ഫുഡ് ടെക്നോളജിയിൽ ഇംഗ്ലീഷ് വിഷയത്തിൽ ഗസ്റ്റ് ലക്ചററെ നിയമിക്കുന്നു. ഇംഗ്ലീഷ് വിഷയത്തിൽ 55 ശതമാനത്തിൽ കുറയാത്ത ബിരുദാനന്തര ബിരുദമാണ് യോഗ്യത. നെറ്റ് അഭികാമ്യം. താത്പര്യമുള്ളവർ 23ന് രാവിലെ 11ന് സിഎഫ്ആർഡി ആസ്ഥാനത്ത് നടത്തുന്ന ഇന്റർവ്യൂവിന് അസൽ സർട്ടിഫിക്കറ്റുകളും പകർപ്പും തിരിച്ചറിയൽ രേഖയും സഹിതം ഹാജരാകണം. (പിഎൻപി 2564/19)

**പെൻഷൻ അദാലത്ത്**

പത്തനംതിട്ട ഡിപിഡി ഓഫീസിൽ ഈ മാസം 30ന് മിനി പെൻഷൻ അദാലത്ത് നടത്തും. (പിഎൻപി 2565/19)

## പി.ആർ.ഡി പ്രിസം പദ്ധതി : വാക്ക് ഇൻ ഇന്റർവ്യൂ ഇന്ന് (18)

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിന്റെ സംയോജിത വികസന വാർത്ത ശൃംഖല പദ്ധതിക്കായി സബ് എഡിറ്റർ, ഇൻഫർമേഷൻ അസിസ്റ്റന്റ്, ക ന്റ് എഡിറ്റർ എന്നിവരുടെ പാനൽ രൂപീകരിക്കുന്നു. ഇതിനായുള്ള വാക്ക് ഇൻ ഇന്റർവ്യൂ ഇന്ന് (18) രാവിലെ 10.30ന് പത്തനംതിട്ട കളക്ടറേറ്റിലെ ജില്ലാ ഇൻഫർമേഷൻ ഓഫീസിൽ നടക്കും. ഉദ്യോഗാർഥികൾക്ക് രാവിലെ എട്ടു മുതൽ ഒൻപതര വരെ രജിസ്റ്റർ ചെയ്യാം.

സബ് എഡിറ്റർ നിയമനത്തിന് ഏതെങ്കിലും വിഷയത്തിൽ ബിരുദവും ജേർണലിസത്തിൽ പി.ജി ഡിപ്ലോമയും അല്ലെങ്കിൽ ജേർണലിസം/മാസ് കമ്യൂണിക്കേഷനിൽ ബിരുദം ആണ് യോഗ്യത. മാധ്യമസ്ഥാപനങ്ങളിൽ മൂന്നു വർഷത്തെ പ്രവർത്തി പരിചയം ഉ ാവണം. ജില്ലയിൽ ഒരു സബ് എഡിറ്റർ ഒഴിവാണുള്ളത്. ഇൻഫർമേഷൻ അസിസ്റ്റന്റ് നിയമനത്തിന് ഏതെങ്കിലും വിഷയത്തിൽ ബിരുദവും ജേർണലിസം ഡിപ്ലോമയും അല്ലെങ്കിൽ ജേർണലിസം/മാസ് കമ്യൂണിക്കേഷനിൽ ബിരുദം ഉ ായിരിക്കണം.

ക ന്റ് എഡിറ്റർക്ക് ഏതെങ്കിലും വിഷയത്തിൽ ബിരുദവും ജേർണലിസം ഡിപ്ലോമയും അല്ലെങ്കിൽ ജേർണലിസം/മാസ് കമ്യൂണിക്കേഷനിൽ ബിരുദം ആണ് യോഗ്യത. സമൂഹമാധ്യമങ്ങളിൽ ക ന്റ് ജനറേഷൻ, ഗ്രാഫിക് ഡിസൈൻ എന്നിവയിൽ പരിചയം വേണം. മൂന്നുവിഭാഗത്തിലും ജേർണലിസത്തിൽ അല്ലെങ്കിൽ മാസ് കമ്യൂണിക്കേഷനിൽ ബിരുദാനന്തര ബിരുദമുള്ളവരെയും പരിഗണിക്കും. ഇവർക്കും പ്രവർത്തിപരിചയം ഉ ായിരിക്കണം. ഇതിന് തെളിവ് ഹാജരാക്കേ താണ്. കേരള പി.എസ്.സി മാനദണ്ഡപ്രകാരമുള്ള പ്രായപരിധി ബാധകമായിരിക്കും.

ഒരാൾക്ക് ഒരു ജില്ലയിൽ മാത്രമേ ഇന്റർവ്യൂവിൽ പങ്കെടുക്കാൻ അർഹതയു ാവൂ. ഒരാൾക്ക് ഒരു തസ്തികയിലേക്ക് മാത്രമാണ് അപേക്ഷിക്കാൻ അർഹത. എം പാനൽ ചെയ്യപ്പെട്ടവർക്ക് ഇതര ജില്ലകളിലേക്ക് സ്ഥലംമാറ്റം അനുവദിക്കുന്നതല്ല. മൂന്നു വിഭാഗങ്ങളിലേക്കുമുള്ള ഉദ്യോഗാർഥികൾ മലയാളം ടൈപ്പിംഗ് അറിഞ്ഞിരിക്കണം. സബ് എഡിറ്റർക്ക് പ്രതിമാസം 19800 രൂപയും ഇൻഫർമേഷൻ അസിസ്റ്റന്റിനും ക ന്റ് എഡിറ്റർക്കും പ്രതിമാസം 15400 രൂപയുമാണ് പ്രതിഫലം. വാക്ക്-ഇൻ-ഇന്റർവ്യൂവിനെത്തുന്നവർ ബയോഡാറ്റയും അസൽ സർട്ടിഫിക്കറ്റുകളും ഒരു സെറ്റ് സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പും ഹാജരാക്കണം. കൂടുതൽ വിവരങ്ങൾ വകുപ്പിന്റെ www.prd.kerala.gov.in എന്ന ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടു ്.

(പിഎൻപി 2566/19)

## ആർടിഎ യോഗം 20ന്

പത്തനംതിട്ട റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റി (ആർടിഎ) യോഗം 20ന് രാവിലെ 10ന് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേരും. ആർടിഎ മുമ്പാകെ അപേക്ഷ സമർപ്പിച്ചിട്ടുള്ളവർ യോഗത്തിൽ പങ്കെടുക്കണമെന്ന് പത്തനംതിട്ട ആർടിഒ അറിയിച്ചു.

(പിഎൻപി 2567/19)

### അയ്യപ്പാ ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ട്

## പരാതികളിൽ അടുത്ത കാലവർഷത്തിന് മുമ്പ് പരിഹാരം ഉ ാകും: ജില്ലാ കളക്ടർ

കാരിക്കയം അയ്യപ്പാ ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടുമായി ബന്ധപ്പെട്ട് സമീപപ്രദേശങ്ങളിൽ താമസിക്കുന്നവരുടെ പരാതികൾ അടുത്ത കാലവർഷത്തിന് മുമ്പ് പരിഹരിക്കുമെന്ന് ജില്ലാ കളക്ടർ പി.ബി നൂഹ് അറിയിച്ചു. ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിൽ പരാതിക്കാരുമായും അയ്യപ്പാ ഹൈഡ്രോ പവർ ലിമിറ്റഡ് കമ്പനി

പ്രതിനിധികളുമായും കളക്ടറേറ്റിൽ ചർച്ച നടത്തിയ ശേഷം സംസാരിക്കുകയായിരുന്നു അദ്ദേഹം.

നിലവിലെ പരാതികൾ 2020 മേയ് മാസത്തിനകം പരിഹരിക്കുമെന്ന് അയ്യപ്പ ഹൈഡ്രോ പവർ ലിമിറ്റഡ് കമ്പനി പ്രതിനിധികൾ ജില്ലാ കളക്ടറെ അറിയിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ ധാരണയിൽ എത്തിയതായും കളക്ടർ പറഞ്ഞു.

അയ്യപ്പാ ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ട് പ്രദേശങ്ങളായ ചിറ്റാർ, പെരുനാട് പഞ്ചായത്തുകളിലെ കക്കാട്ടാർ ആറിന് സമീപം താമസിക്കുന്നവരാണു പരാതിക്കാർ. ഇവരുടെ വസ്തുവിൽ വെള്ളം കയറുന്നു, വീടുകൾക്ക് ബലക്ഷയം ഉ ാകുന്നതിനാൽ സംരക്ഷണഭിത്തി കെട്ടണം, കിണറുകൾ മലിനമാകുന്നതിനാൽ കൂടുതൽ റിങ്ങുകൾ താഴ്ത്തണം, സെപ്റ്റിക് ടാങ്കുകൾ നിറയുന്നതിനാൽ ഫൈബർ സെപ്റ്റിക് ടാങ്ക് വേണം തുടങ്ങിയവയായിരുന്നു പ്രധാന ആവശ്യങ്ങൾ. വീടുകൾക്ക് ബലക്ഷയം ഉ ാകുന്നുവെന്ന പരാതിയുടെ അടിസ്ഥാനത്തിൽ അടുത്ത കാലവർഷത്തിനു മുമ്പ് ഇവരുടെ ഭൂമിക്ക് സമീപം കമ്പനി സംരക്ഷണഭിത്തി നിർമ്മിക്കും. സെപ്റ്റിക് ടാങ്ക്, കിണറിൽ റിങ്ങ് ഇറക്കൽ തുടങ്ങിയ പ്രവർത്തികൾ വരുന്ന ഡിസംബർ മാസത്തിനകം പൂർത്തിയാക്കി നൽകുമെന്നും കമ്പനി പ്രതിനിധികൾ അറിയിച്ചു. ര ു പരാതികൾ തർക്കത്തെ തുടർന്ന് കോടതിയുടെ പരിഗണനയിലിരിക്കുന്നതിനാൽ കോടതിയുടെ തീരുമാനത്തിന് അനുസരിച്ച് തുടർ നടപടികൾ എടുക്കുമെന്നും ജില്ലാ കളക്ടർ വ്യക്തമാക്കി. കുടിവെള്ളം ലഭിക്കുന്നതിന് ബുദ്ധിമുട്ടുള്ള ചിറ്റാറിലെ 74 വയസുള്ള ലാലി തോമസിന് മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിൽ കിണറും വാട്ടർ ടാങ്കും മോട്ടോറും ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഒരുക്കി നൽകുമെന്നും കമ്പനി പ്രതിനിധികൾ കളക്ടർക്ക് ഉറപ്പുനൽകി.

ഓരോ പരാതികളും കളക്ടർ വിശദമായി കേട്ടതിനു ശേഷമാണ് തീരുമാനമെടുത്തത്. യോഗത്തിൽ സബ് കളക്ടർ ഡോ.വിനയ് ഗോയൽ, അടൂർ ആർഡിഒ പി.ടി എബ്രഹാം, ദുരന്തനിവാരണം ഡെപ്യൂട്ടി കളക്ടർ ആർ.ബീന റാണി, അയ്യപ്പാ ഹൈഡ്രോ പവർ ലിമിറ്റഡ് കമ്പനി പ്രതിനിധികൾ, ചിറ്റാർ, പെരുനാട് ഗ്രാമപഞ്ചായത്ത് പ്രതിനിധികൾ, റവന്യു ഉദ്യോഗസ്ഥർ, പരാതിക്കാർ തുടങ്ങിയവർ പങ്കെടുത്തു. (പിഎൻപി 2568/19)

## ഗതാഗതം നിരോധിച്ചു

മണ്ണാറക്കുളഞ്ഞി-കോഴഞ്ചേരി റോഡിൽ നിർമാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നതിനാൽ പാമ്പാടിമൺ വൺവേ ട്രാഫിക് റോഡ് വഴിയുള്ള ഗതാഗതം താത്ക്കാലികമായി നിരോധിച്ചു. റാന്നി ഭാഗത്തുനിന്നും വരുന്ന വാഹനങ്ങൾ പൊയ്യാനിൽ ജംഗ്ഷനിലേക്കുള്ള വൺവേ റോഡ് വഴി പോകണമെന്ന് പൊതുമരാമത്ത് അധികൃതർ അറിയിച്ചു.

(പിഎൻപി 2569/19)

## കെട്ടിട നികുതി: 23 വരെ അപേക്ഷ സ്വീകരിക്കും

ഏഴംകുളം ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളിലെയും കെട്ടിട നികുതി ഒടുക്കുവരുത്തുന്നതിനും കെട്ടിട നികുതി സംബന്ധിച്ചും നമ്പർ അനുവദിച്ച് നൽകിയിട്ടുള്ള കെട്ടിടങ്ങളുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിനും ഇന്ന് മുതൽ 23 വരെ പഞ്ചായത്ത് ഓഫീസിൽ അപേക്ഷ സ്വീകരിക്കുമെന്ന് സെക്രട്ടറി അറിയിച്ചു.

(പിഎൻപി 2570/19)

## ഫോട്ടോ അടിക്കുറിപ്പ്

1) അയ്യപ്പാ ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിന് ജില്ലാ കളക്ടർ പി.ബി നൂഹിന്റെ അധ്യക്ഷതയിൽ കളക്ടറേറ്റിൽ ചേർന്ന യോഗം.






വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
പത്തനംതിട്ട

സെപ്റ്റംബർ 17

September 17

2019

*1193 കന്നി 1 ചൊവ്വ*

# പത്രക്കുറിപ്പ് -2



www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657


**സൗജന്യമായി സ്ഥലം നൽകിയ തോമസിനെയും മേരിയെയും കാണാൻ ജില്ലാ കളക്ടറെത്തി**

പ്രളയത്തിൽ വീട് നഷ്ടപ്പെട്ടവർക്ക് പുനരധിവാസത്തിനായി മൂന്നേകാൽ ഏക്കർ സ്ഥലം സൗജന്യമായി സർക്കാരിന് വിട്ടു നൽകിയ കോഴഞ്ചേരി മാരാമൺ സ്വദേശിയായ തോമസ് പി ജേക്കബിനേയും മേരി തോമസിനേയും നേരിൽ കാണാൻ ജില്ലാ കളക്ടർ പി.ബി. നൂഹ് വീട്ടിലെത്തി. ദമ്പതികളുടെ വലിയ സഹായത്തിന് ജില്ലാ ഭരണകൂടത്തിന്റെ നന്ദിയും ആദരവും അറിയിക്കാനാണ് കളക്ടർ നേരിട്ടെത്തിയത്. കോഴഞ്ചേരി താലൂക്കിൽ മെഴുവേലി വില്ലേജിലുള്ള തങ്ങളുടെ സ്ഥലമാണ് ഇവർ വീടുവയ്ക്കാനായി വിട്ടു നൽകിയത്. ജില്ലാ ഭരണകൂടത്തിന്റെ ആദര സൂചകമായി തോമസ് പി ജേക്കബിനും മേരിക്കും ജില്ലാ കളക്ടർ ഫലകം സമ്മാനിച്ചു. മുൻ എയർഫോഴ്സ് ഉദ്യോഗസ്ഥനാണ് തോമസ് പി ജേക്കബ്.

റീ ബിൽഡ് കേരളയുടെ ഭാഗമായി മുത്തൂറ്റ് പാപ്പച്ചൻ ഫൗ ഷൻ ആറു വീടുകൾ ഈ സ്ഥലത്ത് നിർമിച്ചു വരുകയാണ്. വീടുകൾക്ക് പുറമേ പരമാവധി ആളുകൾക്ക് പ്രയോജനം ലഭിക്കത്തക്ക രീതിയിൽ ഈ സ്ഥലത്ത് ഫ്ളാറ്റ് നിർമിച്ചു നൽകുകയാണ് ലക്ഷ്യമെന്ന് ജില്ലാ കളക്ടർ പറഞ്ഞു.

ദുരന്തനിവാരണം ഡെപ്യൂട്ടി കളക്ടർ ആർ ബീനാറാണി, ജൂനിയർ സൂപ്ര ് സുരേഷ് കുമാർ, തോട്ടപ്പുഴശേരി വില്ലേജ് അസിസ്റ്റന്റ് ബെന്നി എബ്രഹാം, സ്പെഷൽ വില്ലേജ് ഓഫീസർ മുഹമ്മദ് ഈസ തുടങ്ങിയവർ സന്നിഹിതരായിരുന്നു. (പിഎൻപി 2571/19)

**ഫോട്ടോ അടിക്കുറിപ്പ്**

2) പ്രളയത്തിൽ വീട് നഷ്ടപ്പെട്ടവർക്ക് പുനരധിവാസത്തിനായി മൂന്നേകാൽ ഏക്കർ സ്ഥലം സൗജന്യമായി സർക്കാരിന് വിട്ടു നൽകിയ കോഴഞ്ചേരി മാരാമൺ സ്വദേശിയായ തോമസ് പി ജേക്കബിനേയും മേരി തോമസിനേയും ജില്ലാ കളക്ടർ പി.ബി. നൂഹ് ഫലകം നൽകി ആദരിക്കുന്നു.

3) പ്രളയത്തിൽ വീട് നഷ്ടപ്പെട്ടവർക്ക് പുനരധിവാസത്തിനായി മൂന്നേകാൽ ഏക്കർ സ്ഥലം സൗജന്യമായി സർക്കാരിന് വിട്ടു നൽകിയ കോഴഞ്ചേരി മാരാമൺ സ്വദേശിയായ തോമസ് പി ജേക്കബിനേയും മേരി തോമസിനേയും വീട്ടിലെത്തി ജില്ലാ കളക്ടർ പി.ബി. നൂഹ് സന്ദർശിക്കുന്നു.










